(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ടായി. കരട് ഓർഡിനൻസിലും അനുബന്ധ ചട്ടങ്ങളിലും മുഖ്യമന്ത്രി ഭേദഗതികൾ നിർദ്ദേശിക്കുകയുണ്ടായി. കേന്ദ്ര നിയമത്തിനും ചട്ടത്തിനുമനുസൃതമായി നടത്തപ്പെടുന്ന ലോട്ടറി മാത്രമേ സംസ്ഥാനത്തിനകത്ത് വിറ്റഴിക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പുവരുത്താനാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) ലോട്ടറി റഗുലേഷൻസ് റൂൾസ് 1-4-2010 മുതലാണ് വിജ്ഞാപനം ചെയ്ത് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയത്. അതിനനുസൃതമായ ചില ഭേദഗതികളാണ് ഓർഡിനൻസ് പ്രകാരം കേരള പേപ്പർ ലോട്ടറീസ് നിയമത്തിൽ കൊണ്ടുവന്നത്. മേൽപ്പറഞ്ഞ രീതിയിലുള്ള കാലതാമസം അതിനാൽ ഉണ്ടായിട്ടില്ല.

തൃശ്ശൂർ ജില്ലയിൽ ലോട്ടറി ഏജന്റുമാർക്കു നൽകുന്ന പെൻഷൻ

200 (267) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ നിലവിൽ എത്ര പേർ ലോട്ടറി ഓഫീസിൽ രജിസ്റ്റർ ചെയ്ത്, ഏജൻസി എടുത്ത് വിൽപ്പന നടത്തിവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) 2010-11 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ ഏജന്റുമാർക്കുള്ള കമ്മീഷൻ ഇനത്തിൽ എന്തു തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേരള ലോട്ടറി ഏജന്റ് ആന്റ് സെല്ലേഴ്സ് വെൽഫയർ ഫണ്ട് വഴി പെൻഷൻ ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾക്കായി തൃശ്ശൂർ ജില്ലയിൽ ഇതേ വരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) തൃശ്ശൂർ ജില്ലയിൽ നിലവിൽ എത്ര ലോട്ടറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കുമാണ് പെൻഷൻ നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ നിലവിൽ (15-12-2010 വരെ) 6233 പേർ ഏജൻസി എടുത്തിട്ടുണ്ടെങ്കിലും 1223 പേർ ആണ് ഭാഗ്യക്കുറി ടിക്കറ്റ് വില്പന നടത്തിവരുന്നത്.

(ബി) 2010-11 സാമ്പത്തിക വർഷം കമ്മീഷൻ ഇനത്തില മൊത്തം 2,23,75,525 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) 33,36,350 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 90 പേർക്കാണ് പെൻഷൻ ആനുകൂല്യം നൽകിവരുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly